പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1755 11/02/2013- ൽ മറുപടിക്ക്

ആന്ത്രാക്സ് നിയന്ത്രിക്കുന്നതിന് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ്: | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്ന കന്നുകാലികൾക്ക് ആന്ത്രാക്സ് ഉൾപ്പെടെയുള്ള സാംക്രമികരോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച മുൻകരുതൽ നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) ഉണ്ട്.<br>തൃശൂർ, പാലക്കാട്, കോട്ടയം, ജില്ലകളിൽ കുളമ്പുരോഗവും കോട്ടയം, കോഴിക്കോട്,<br>പത്തനംതിട്ട ജില്ലകളിൽ ആന്ത്രാക്സ് രോഗബാധയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 18 ചെക്ക്പോസ്റ്റുകൾ സംസ്ഥാന അതിർത്തിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്. ആ ചെക്ക് പോസ്റ്റുകളിൽ എത്തുന്ന കന്നുകാലികളിൽ രോഗമുണ്ടോ എന്ന പ്രാഥമിക പരിശോധന നടത്തി വാക്സിനേഷനും നൽകിയാണ് അതിർത്തി കടത്തിവിടുന്നത്. രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങൾക്ക് ചുറ്റുപാടുമുള്ള മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തി രോഗബാധ നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. |
| (ബി) ചെക്ക് പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാണോ;ഇല്ലെങ്കിൽ വിശദാംശം നൽകുമോ; | (ബി)വെറ്ററിനറി ഡോക്ടർമാരുടെ തസ്തിക നിലവിലുള്ള രണ്ട് ചെക്കുപോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. 16 ചെക്കുപോസ്റ്റുകളിൽ അതത് പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടർമാർക്ക് ചെക്ക് പോസ്റ്റുകളുടെ അധികചുമതല നൽകിയിട്ടുണ്ട്. ചെക്കു പോസ്റ്റുകൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. |

| | |
|---|---|
| (സി) അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഇത് തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളും ക്രമീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കോഴികളെയും കന്നുകാലികളെയും അതിർത്തി ചെക്ക് പോസ്റ്റുകളിൽ പ്രാഥമിക പരിശോധനക്ക് വിധേയമാക്കുകയും വാക്സിനേഷൻ സർട്ടിഫിക്കറ്റ്/ഹെൽത്ത്സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ആവശ്യമുള്ള പ്രതിരോധകുത്തിവെയ്പ്പ് നൽകുകയും ചെയ്താണ് അതിർത്തി കടത്തിവിടുന്നത്.<br><br>റാൻഡം രക്തസാമ്പിളുകൾ ശേഖരിക്കുകയും മൃഗസംരക്ഷണവകുപ്പിന്റെ ലാബുകളിൽ പ രിശോധന നടത്തുകയും ചെയ്യുന്നുണ്ട്.<br><br>അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ തിരിച്ചറിയുന്നതിന് ചുവന്ന ഇയർടാഗ് അടിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ